**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **04-07-2022 - ൽ മറുപടിയ്ക്ക്**

**വെങ്ങളം-അഴിയൂർ റീച്ചിൽ ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ പാത വികസനത്തിന്റെ ഭാഗമായി എൻ.എച്ച്. 66-ലെ വെങ്ങളം-അഴിയൂർ റീച്ചിൽ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി എത്രകോടി രൂപ ഇതിനോടകം നൽകി കഴിഞ്ഞു; വ്യക്തമാക്കാമോ; | (എ) | വെങ്ങളം-അഴിയൂർ റീച്ചിൽ ഭൂമി ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരത്തുകയായി 1394.3434 കോടി രൂപ ഇതിനോടകം നൽകി കഴിഞ്ഞു. |
| (ബി) | നഷ്ടപരിഹാരത്തുകയിൽ സംസ്ഥാന സർക്കാർ വിഹിതം, കേന്ദ്രസർക്കാർ വിഹിതം എന്നിവ വ്യക്തമാക്കാമോ; | (ബി) | നഷ്ടപരിഹാരത്തുകയിൽ സംസ്ഥാന സർക്കാർ വിഹിതം 25% ഉം കേന്ദ്ര സർക്കാർ വിഹിതം 75% ഉം ആണ്. |
| (സി) | പ്രസ്തുത റീച്ചിൽ ഇനി എത്ര കുടുംബങ്ങൾക്ക് കൂടിയാണ് നഷ്ടപരിഹാരം നൽകാൻ ബാക്കിയുള്ളത്; വിശദമാക്കാമോ? | (സി) | 146 കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക നൽകാൻ ബാക്കിയുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കാത്ത കേസ്സുകളിലും തർക്കം നിലനിൽക്കുന്ന കേസ്സുകളിലും നഷ്ടപരിഹാരത്തുക അനുവദിക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ